# DARPPANAM

**LITTLE KITES**

**GHSS KADAYIRUPPU**

# സന്ദേശം



പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂൾ വിദ്യാഭ്യാസ ത്തിൽ ഇന്ന് ഒഴിച്ചുകൂടാനാകാത്ത ഒന്നായി മാറിയിരിക്കുന്നു ഐ.ടി വിദ്യാഭ്യാസം. സ്കൂളുകളിൽ ഐ.ടി കൂട്ടായ്മയുടെ ഭാഗമായി രൂപം കൊണ്ട യൂണീറ്റാണ് ലിറ്റിൽ കൈറ്റ്സ്.ഐ.ടി മേഖലയിലേക്കുള്ള വാഗ്ദാനങ്ങളായ ഈ കുട്ടികളുടെ വിജ്ഞാ നംവർദ്ധിക്കുന്നതിന് DIGITAL MAGAZINE പോലുള്ള പ്രവർത്തനങ്ങൾ ഉപകാരപ്പെടുന്നു.ഈ സംരംഭം വിജയകരമായി മുന്നോട്ടു പോകുവാൻ എല്ലാവിധ ആശംസകളും നേരുന്നു.

**Anil Kumar  N**
**Head Master**

<u>സന്ദേശം</u>



Govt.H.S.S.Kadayiruppu, little kites കുട്ടികളുടെ നേതൃത്വത്തിൽ പുറത്തിറക്കുന്ന മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

**M.K.Manoj Kumar**
**P.T.A President**

# Editorial



**പൊതുവിദ്യാഭ്യാസസംരക്ഷണ** യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ ഭൗതികതലത്തിലും അക്കാദമിക തലത്തിലും വലിയ മാറ്റങ്ങൾക്ക് തുടക്കം കുറിച്ച വർഷമാണ് 2018 .കേരളത്തിലെ പൊതുവിദ്യാലയങ്ങൾ ഹൈടെക്കിലേക്ക്, കുട്ടികൾ കേട്ടറിവിൽ നിന്ന് കാഴ്ചയാകുന്ന വലിയ ലോകത്തിലേക്ക് കടക്കുകയാണ്.വിദ്യാലയത്തിൽ നടന്ന തനതായ നിരവധി പ്രവർത്തങ്ങളിലൂടെ കുട്ടികൾ അറിവിന്റെ നിർമ്മാണ പ്രക്രിയയിൽ പങ്കാളികളാകുന്നു.

Little Kites ഏറ്റെടുത്ത തനതു പ്രവർത്തനമാണ് Digital Magazine തുടക്കത്തിൽ വളരെ എളുപ്പമാണെന്ന് കരുതി യാത്ര തുടങ്ങിയപ്പോൾ മനസ്സിലായി,കയറ്റം വിചാരിക്കുന്നതു പോലെ എളുപ്പമല്ലെന്ന്. അതിന്റെ പിറവിക്ക് സഹായിച്ച എല്ലാ കുട്ടികളോടും അധ്യാപകരോടുമുള്ള  നന്ദി രേഖപ്പെടുത്തുന്നു.

Don.M.Johnny
Cheif Editor

---

## എഡിറ്റോറിയൽ ബോർഡ്

Cheif Editor: Don.M.Johnny


Sub Editor  : Litto Joy

Members :Thomas Manoj

***DIGITAL PAINTING***



BY
AKSHAY



BY

PARTHIP

SNEHA JOSHY , 10C

# അമ്മ

മാധുര്യമുള്ള ഓർമ്മകളാണ് അമ്മയെന്ന് കേൾക്കുമ്പോൾ ആദ്യം ഓർമ്മവരിക.
ഇച്ഛാശക്തിയിലൂടെ മഹാകവി തന്റെ കവിതയിൽ അങ്ങന്നെ പാടി:

'അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചിട്ടുന്നതൊന്നാമതായ് '

അതെ ,അമ്മ എന്ന രണ്ടക്ഷരമാണ് പിച്ചവെയ്ക്കുന്ന പിഞ്ചുകുഞ്ഞിന്റ് ചുണ്ടിലേക്ക് ആദ്യം എത്തുക . നമുക്ക് വേണ്ടി എന്നും എപ്പോഴും വാദിക്കുന്നത് ആദ്യം അമ്മേതന്നെയാണ്. കാരണം, മാതൃഭാവത്തിന്റെ കാലോചിതമായ ചിന്താധാരയാണ് .ഏതൊരമ്മക്കും തന്റെ മക്കളിൽ കുറവ്വ് കണ്ടെത്താൻ ശേഷികുറവാണ്. ഇന്നത്തെ സമൂഹത്തിൽ ഒരു സ്ത്രീ ജനിക്കുമ്പോൾ മുതൽ അവൾ പോരാട്ടുകയാണ് .എന്നാൽ ആ പോരാട്ടത്തിൻെറ്റ ഏറ്റവും പ്രയാസമേറിയ ഘട്ടമാണ് അമ്മയെന്ന മഹത്തായ,ശ്രേഷ്ഠമായ ഘട്ടം.സൗന്ദര്യമുള്ള മനസ്സിൻെറ്റ സഹായതയുടെ ഉദാഹരണമാണ് 'അമ്മ'. നമ്മുക്കെന്നും വിലപ്പെട്ടതും വിലമതിക്കാനാകാത്തതുമാണ് നമ്മുടെ അമ്മ.സമൂഹത്തിലെ ഓരോ അമ്മമാരും അവരുടെ കുടുംബത്തിന്റെയല്ല,രാജ്യത്തിൻെറ്റ തന്നെ നിധിയാണ്. മാതൃഭാവത്തിൻെറ്റ അമൂല്യത ഇന്നത്തെ സമൂഹം മറക്കാതിരിക്കട്ടെ, എന്നോർമ്മിച്ചുകൊണ്ട് ഉപസംഹരിക്കുന്നു



Pranav Surya M S , 10 A

# എന്റെ അമ്മ

വൃദ്ധാസദനത്തിന്റെ ഗെയറ്റ് കടന്ന് കാർ പുറത്തേക്കുപാഞ്ഞു
" ഹോ അങ്ങനെ ആ ശല്യം ഒഴിവായി"തന്റെ അമ്മയെക്കുറിച്ചാണ് ഭാര്യ പറയുന്നതെന്ന് അയാൾക്ക് മനസ്സിലായി. "ഇനി ആ തള്ളയുടെ 'ദുർമുഖം' കാണണ്ടല്ലോ" ഭാര്യ വീണ്ടും പുലമ്പി.

അയാളുടെ മനസ്സിൽ അമ്മയുടെ പുഞ്ചിരിക്കുന്ന മുഖമായിരുന്നു.അമ്മയുടെ സ്നേഹവും വാത്സല്യവും ഒരു വേദനയായി അയാളുടെ മനസ്സിൽ നിറഞ്ഞു. തന്റെ വിവാഹം അമ്മയുടെ വലിയ ഒരു സ്വപ്നമായിരുന്നു. മരുമക്കളെ അമ്മ സ്വന്തം മക്കളെപ്പോലെ സ്നേഹിച്ചു. പക്ഷെ, മക്കൾക്ക് അമ്മ ഒരു തടസ്സവും ഭാരവുമോക്കെയായിരുന്നു.തന്റെ മകനെ സ്നേഹിക്കാനും ലാളിക്കാനും അവൾ അമ്മയെ അനുവദിച്ചിരുന്നില്ല.കുടുംബം നേർവ്വഴിക്ക് കൊണ്ടുപോകുന്ന ശ്രമത്തിൽ ഭാര്യയുടെ വഴക്കും ബഹളങ്ങളും കണ്ടില്ലെന്ന് നടിച്ചത് നീണ്ട പത്തു വർഷം. ഒടുവിൽ തന്റെ മൗനം അമ്മയെ വൃദ്ധാസദനത്തിൽ എത്തിച്ചു.

"അല്പം കൂടി സ്പീഡിൽ പോ മനുഷ്യാ...വീട്ടിൽ മോൻ തനിച്ചേയുള്ളൂ"ഭാര്യയുടെ വാക്കുകൾ അയാളെ ചിന്തയിൽ നിന്നുണർത്തി. "വൃദ്ധാസദനത്തിൽ എന്റെ അമ്മയും തനിച്ചാണ് "ഒരു ഉൾപ്രേരണയാൽ അയാളുടെ കാലുകൾ ബ്രേയ്ക്കിൽ അമർന്നു 'എന്തുപറ്റി'....? ഭാര്യ ചോദിച്ചു "അമ്മയെ തിരികെ കൊണ്ടുവരണം""നിങ്ങൾക്ക് ഭ്രാന്താണോ ....?" "ആ തള്ളയെ.." "മിണ്ടരുത് നീ ".... അയാളുടെ ഭാവം അവളെ വല്ലാതെ ഭയപ്പെടുത്തി. "എന്റെ അമ്മ എല്ലാവരേയും സ്നേഹിച്ചിട്ടേയുള്ളൂ. ആരെയും വെറുപ്പിച്ചിട്ടില്ല എന്നിട്ടും..... അയാളുടെ ശബ്ദം തൊണ്ടയിൽ കുറുകി അയാൾ കാർ വൃദ്ധാസദനത്തിന്റെനേർക്ക് തിരിച്ചുവിട്ടു.




# ആത്മകഥ ഞാൻ

ഞാൻ ദേവപ്രിയ.ഗവ.എച്ച്.എസ്സ്.എസ്സ്.കടയിരുപ്പിലെ ഒമ്പതാം തരം വിദ്യാർത്ഥിയാണ്. രണ്ട് വർഷം മുമ്പാണ് ഞാനാദ്യമായി ഈ വിദ്യാലയത്തിൻെറ്റ പടി ചവിട്ടുന്നത്. അതുവരെയുള്ള എന്റെ പഠനം  വാളകത്തെ "ബ്രൈറ്റ് പബ്ളിക് സ്കൂളിലായിരുന്നു.കുഞ്ഞു  നാൾ തൊട്ടു തന്നെ ഞാൻ പറഞ്ഞു നടക്കുമായിരുന്നു എട്ടിൽ എത്തിയാൽ ഏതെങ്കിലും ഗവൺമെൻറ്റ സ്കൂളിൽ എന്നെ ചേർക്കുമെന്ന്. ഒന്നിൽ വെച്ച് ഞാനിത് പറയുമ്പോൾ എട്ടാം തരം വരെ നിര നീണ്ടു കിടക്കുമെന്ന് ചിന്തിച്ചിരുന്നു. എന്നാൽ കാലം എന്നെ ആ വേദനയെ ഓരോ ഘട്ടങ്ങളായി അനുഭവിപ്പിക്കാൻ തുടങ്ങി. എട്ടാം തരത്തിൽ അവസാന ദിവസം എന്നെ ആ വേദന നെഞ്ചിൽ ആണി തറയ്ക്കും വിധം തുളഞ്ഞു കയറി. പിന്നെ പിന്നെ ഞാൻ മൗനവ്രതം പൂണ്ടു. സങ്കടത്തിൻെറ്റ ആഴക്കടൽ എന്നിൽ അലയടിച്ചു. വിധിയെ തടുക്കാൻ ആർക്കും കഴിയില്ലല്ലോ! അമർത്തിപിടിച്ച കയ്പു രസമടങ്ങിയ ആ വേദനയും കൊണ്ട് ഞാൻ അവിടെ നിന്ന് പടിയിറങ്ങി. എൻെറ്റ ഒമ്പതു  വർഷത്തെ ഓർമ്മകളുമായി. പറഞ്ഞറിയിക്കാത്ത വേദനയോടെ.

മാസങ്ങൾ കഴിഞ്ഞു. പുതിയ വിദ്യാലയത്തിന്റെ പ്രവേശനോത്സവം.തിരക്കു നിറഞ്ഞ കുട്ടികളുടെയിടയിലൂടെ ഞാൻഎന്റെ പുതിയ കൂട്ടുകാരെ കാണാൻ ഇടയായി.ലാളിത്വത്തിന്റെയും സ്നേഹത്തിന്റെയും വെളിച്ചം അവിടെയാകെ നിറഞ്ഞിരുന്നു.ക്ലാസ്സിലേക്കുള്ള ഓരോ ചുവടുവയ്പ്പും മനസ്സിലെ ഓരോ ചിന്തകളും അടയ്ക്കുന്നതായി തോന്നി. ആരെയും പരിചയപ്പെടാനുള്ള മനോധൈര്യം എനിക്ക് ഉണ്ടായിരുന്നില്ല. പക്ഷെ എനിക്ക് ആ  റൂമിന്റെ അന്തരീക്ഷം വളരെ ഇഷ്ടപ്പെട്ടു.ആദ്യത്തെ രണ്ടാഴ്ച്ചകളിൽ ഞാൻ എന്റെതായലോകത്ത് ഒതുങ്ങി. വിരഹത്തിന്റെ ഓർമ്മകൾ എന്നെ എരിയിക്കുന്നതായി തോന്നി. ‘ഓരോ അനക്കവും,എന്റെ പഴയ സ്കൂളിന്റെ ഓർമ്മകൾ  നൽകി. പിന്നെ കണ്ണീർ. ആ വേദനയിൽ എനിക്ക് കിട്ടിയത് രണ്ട് സഹോദരങ്ങളെയാണ് പിന്നെ ഞാൻ ഓരോരുത്തരുമായി അടുത്തു. പിന്നെ ഞാൻ പഴയ ദേവുവായി.വാക്കുകളിലൂടെയും പ്രവർത്തനങ്ങളിലൂടെയും എല്ലാവരും എന്റെതായി. സൗഹൃദങ്ങളിൽ ഏറ്റവും കരുത്താർന്നത്. ചെറിയ ചെറിയ വഴക്കുകളിലുടെജന്മം കൊണ്ടതായിരുന്നു. പിന്നെ തുടങ്ങി പാരവയ്പ്പുകൾ. “താൻ കുഴിക്കുന്ന കുഴികളിൽ താൻ തന്നെ വീഴും" എന്നതായിരുന്നു എല്ലാപാരവയ്പ്പിന്റെയും അവസാനം. അത് എന്നെ സ്നേഹത്തിന്റെ അളവ് അളക്കാൻ സഹായിച്ചു.ഞാൻ സ്നേഹിക്കുന്ന ഓരോ വസ്തുക്കളും എനിക്ക് ഒരിക്കൽ നഷ്ടപ്പെടും എന്ന് നല്ല ബോധ്യമുണ്ടായിരുന്നു. എന്നത്തെയും പോലെ എന്നെ അത് കൂടുതൽ  ദുഃഖഭരിതമാക്കി.സായാഹ്നത്തിൽ സൂര്യൻ അസ്തമിക്കുന്നത് പോലെ.

ക്ലാസ്സിലെ എല്ലാവർക്കും വ്യത്യസ്തസ്വഭാവങ്ങളായിരുന്നു.ചിലർ പുസ്തകപ്പുഴുക്കൾ മറ്റു ചിലർ കായികതാരങ്ങൾ,സൗമ്യതയാർന്നവർ,സ്നേഹിതർ.അങ്ങനെ ഞങ്ങൾ ഒരു കുടുംബമായി.ഇവരെല്ലാം കാരണം ഞാൻ വെറുത്തിരുന്നത്ത് അവധികളെയാണ്. കാരണം അവർ എന്നെ സ്നേഹം കൊണ്ട് മൂടുകയായിരുന്നു.ഇതിനിടയ്ക്ക് കാലം എന്നെ വീണ്ടും തോൽപ്പിച്ചു.ഒമ്പതാംതരം.ജീവിതത്തിൽ നാം പഠിക്കേണ്ട പാഠങ്ങൾ പറഞ്ഞു നൽകുന്ന അനുഭവഗുരുവിന്റെ കാലഘട്ടം.ഇന്നിപോൾ അല്പം കുസൃതി എന്നിൽ വളർന്നു എന്ന് എനിക്ക് തോന്നി.അല്പം വേണ്ടാതീനങ്ങളും.ഇന്ന് പരീക്ഷ എന്നെ സംബന്ധിച്ച് അത്ഭുതലോകത്തെ രാക്ഷസൻമാർക്ക് കല്യാണമാണ്.കൂട്ടുകാർ ദൈവത്തിനു തുല്യം.

ഇന്ന് ഞാൻ മനസ്സിലാക്കുന്നു കാലം നമ്മെ ഒരിക്കലും ഒറ്റകയില്ലെന്ന്.എപ്പോഴും ദുഃഖം നൽകില്ലെന്ന്. ഒരു പക്ഷെ ബ്രൈറ്റിൽ നിന്നുള്ള വേർപാട് എനിക്ക് സമ്മാനിച്ചത് എനിക്കെന്റെ പുതിയ കുടുംബത്തെ ആയിരിക്കും. ഓർമ്മകളുടെ ചെറിയ കണികകളുടെഒരോർമ്മ ശേഖരം മാത്രമാണിവ.കാലം ഇനിഎനിക്കെന്തെന്ന്അറിവില്ല.ജീവിതമാകുന്നഞാണിന്മേൽക്കളിയിലെ എന്റെ യാത്ര തുടരുന്നു....



PARVATHY ANIL ,7B

# മഴയുടെ രോദനം

വർഷക്കാലമെത്തിയാൽ നൊമ്പര മഴ
മഴ കൊണ്ടുണരുന്ന ചെടികളും പൂക്കളും
ആഹ്ലാദഭരിതരായി ചിന്നിചിതറി
ഭൂമിയിലെത്തുന്ന മഴത്തുള്ളികൾ
പ്രപഞ്ചത്തിനുണർവേകുന്ന മഴത്തുള്ളികൾ

എന്തിനാ മേഘമെ നീ കരയുന്നത് ?
നിൻ രോദനങ്ങൾ മഴത്തുള്ളിയായ്
ഭൂമിയിൽ പതിക്കുന്നു
ഇത്രയും ബാഷ്പം നീ ഭൂമിയിൽ
മഴയായി എത്തിച്ചീടും
എന്നിട്ടും നിനക്കിത്രയും നൊമ്പരമോ?

മരക്കൊമ്പുകളിൽ പുൽക്കളിൽ
ചെടികളിൽ തട്ടി തെറിച്ച്
നിൻ കണ്ണുനീർ
മഴയായി മണ്ണിൽ പതിയുന്നു
മഴയായി മണ്ണിൽ പതിയുന്നു.....



# സ്നേഹം

സ്നേഹസാഗരം തീർത്ത് ഭ്രുമിയെ പ്രണയിച്ച
പാവനസ്വരൂപനെ നമിച്ചീടുന്നു എന്നേ
അമ്മ തൻ പാലമൃതായി,തേനരുവിയായി
കിളിക്കൊഞ്ചലായി പ്രകൃതിതൻ സന്ദേശ–മായ്
സമസ്തലോകത്തിനും സൗഖ്യമേകീടട്ടെ
സ്നേഹസാരമാം സത്യം...
പൊരിയും വയറിന്റെ പശിയടക്കുവാൻ അന്നം
മോഷ്ടിച്ച കുറ്റത്തിനു തെരുവിൽ പിടയുന്നു
അന്യോന്യമിഷ്ടം തോന്നി ഒന്നായ കുറ്റത്തിനു
മക്കളെ സദാചാരക്കോടതി ശിക്ഷിക്കുന്നു
മക്കൾ തൻ കണ്ണീരിനെക്കാൾ വിലയോ
അച്ഛന്റെ അഭിമാന ബോധത്തിന്?അയ്യോ!



# നഷ്ടപ്രണയം

നിലാവെളിച്ചത്തിൻ കീഴെയി–
ങ്ങിവിടെ മൊട്ടിട്ട പ്രണയം!
പൂർണ്ണചന്ദ്രന് സാക്ഷിയാം
ഗാഢചുംബനങ്ങൾ കൈമാറുന്ന
ഇതളും അവൾതൻ പ്രാണനാം ചില്ലയും
നിശബ്ദമാം രജനിയിൽ ഇരുവർതൻ
സ്നേഹഭാഷണങ്ങൾ മാത്രം
ഇടയ്ക്കെപ്പോഴോ  പൗർണ്ണമി കാതോർ–
ത്തു ചില വിങ്ങലുകൾക്കായി
ഓരോ രാവും ഇലയോട് പറയാൻ
മടിച്ച പ്രണയമോർത്തിരുന്നു
വിലപിക്കുന്ന മറ്റൊരു ചില്ലയാണവൻ
നഷ്ടപ്രണയത്തിൻ തിളയ്ക്കുന്ന–
യോർമ്മയിൽ പതിക്കുന്ന നിലാവെളിച്ചം
ചന്ദ്രകുമാരന് ചില്ലയോടുള്ള കരുതലിൻ
സ്നേഹത്തിൻ സാക്ഷിയായി
മരക്കൊമ്പിലിരുന്ന് മൂളുന്ന മൂങ്ങകൾ മാത്രം



AMRITHA.K.PADMAN

# <u>ബഷീർ കൃതികളിലൂടെ</u>


കൈയ്യിലുള്ള ഒരു പിടി അക്ഷരങ്ങൾ കൊണ്ട് അതിശയങ്ങൾ തീർത്ത ഒരു വിശ്വസാഹിത്യകാരനാണ് ബേപ്പൂർ സുൽത്താൻ എന്ന വൈക്കം മുഹമ്മദ് ബഷീർ. തനിക്കുചുറ്റുമുള്ള എന്തിൽ നിന്നും കഥകൾ മെനഞ്ഞ ഈ സാഹിത്യവിസ്മയം മലയാളത്തിലെ ഏറ്റവും ജനകീയ എഴുത്തുകാരനാക്കി. ആഖ്യയും ആഖ്യാതവുമില്ലാതെ എഴുത്തുശൈലിയിലൂടെ വായനക്കാർക്ക് ആസ്വാദത്തിന്റെ പുത്തൻതലങ്ങൾ പകർന്നുനൽകി.അനുഭവങ്ങൾ ആയുധമാക്കി പേനകൊണ്ട് അതിശയങ്ങൾ തീർത്ത് ബേപ്പൂർ സുൽത്താന്റെ പൈലാലിൽ വീട്ടും,മാങ്കോസ്റ്റിൻ മരവും,ഫാബിയും,സോജാരാജകുമാരിയും മലയാളിക്ക് ഏറെ പ്രിയപ്പെട്ടതാണ്. ലോകസാഹിത്യത്തിന്റെ ഏത് അകത്തളത്തിലും ആകസേരവലിച്ചിട്ടിരിക്കാൻ യോഗ്യതയുണ്ടെന്ന് ബഷീറിന്റെ ഇമ്മിണിവലിയ പുസ്തകങ്ങൾ പറയും. ചുമ്മാ ലോട്ടുലൊടുക്കുസ് രചനകളായിരുന്നില്ല . അവയൊന്നും നല്ല സ്റ്റൈലൻ എഴുത്ത്. ആത്മാംശമുള്ള രചനകൾ. ജീവിതം തന്നെയാണ് ബഷീറിന്റെ സാഹിത്യവും. മിക്കക്രതികളിലും ബഷീർ തന്നെയാണ് കേന്ദ്രകഥാപത്രം. അതുകൊണ്ടുതന്നെ മിക്ക ബഷീർ കൃതികളിലും ആത്മാംശംകലർന്നിട്ടുണ്ട്.

"പാത്തുമ്മയുടെആട് ,“ബാല്യകാലസഖി",“ജന്മദിനം","അമ്മ”,ഭൂമിയുടെ അവകാശികൾ,മതിലുകൾ,അനുരാഗത്തിന്റെദിനങ്ങൾ,ഇവയൊക്കെഅതിൽചിലതാണ്.പാത്തുമ്മയുടെ ആട് 80% ആത്മകഥയാണെന്ന് ബഷീർ തന്നെ വാദിക്കുന്നു.അതുപോലെതന്നെ ബഷീറിന്റെ ഇതിഹാസക്രതിബാല്യ–കാലസഖിയും95%ആത്മകഥതന്നെ.ഇതിലെകഥആത്മകഥരൂപത്തിലല്ലെങ്കിലും ബഷീറിന്റെ ജീവിതത്തോട് ചേർന്നുനിൽക്കുന്ന കഥ തന്നെയാണ്. “ജീവിതത്തിൽ നിന്നും പറിച്ചുചീന്തിയ ഒരേടാണിത് വാക്കുകളിൽ ചോരപുരണ്ടിരിക്കുന്നു.”എം.പി.പോൾ ബാല്യകാലസഖിയെപറ്റി പറഞ്ഞതിങ്ങനെ. ഈ വിശേഷണം ഒരർഥത്തതിൽ മേൽപറഞ്ഞ കൃതികൾക്കെല്ലാം ഇണങ്ങുന്നു. ആഖ്വാനശൈലി ഒരിക്കലും അലക്കിതേച്ച വടിവൊത്ത ഭാഷയിൽ അദ്ദേഹം എഴുതിയില്ല. ഇത് മലയാളത്തിന്റെമറ്റൊരുസാഹിത്യകാരനുംഅവകാശപ്പെടാൻസാധിക്കാത്തവിധംബഷീറിനെജനകീയ നാക്കി.തന്റേതുമാത്രമായവാക്കുകളുംശൈലികളുമായിരുന്നുബഷീറിന്റെസവിശേഷത.അതുകൊണ്ടുത ന്നെ അദ്ദേഹത്തിന്റെ രചനാരീതി ബഷീറിയൻ ശൈലി എന്നുതന്നെ അറിയപ്പെട്ടു. “ഇമ്മിണി ബല്ല്യഒന്ന് " “വെളിച്ചത്തിനെന്തൊരു വെളിച്ചം"എന്നീ ബഷീറിയൻ ശൈലികൾ വായനക്കാരെ ആകർഷിക്കുന്നു. ഇങ്ങനെ ഭാഷയുടെയുംവ്യാകരണത്തിന്റെയും വേലികെട്ടുകൾ പൊളിച്ചെഴുതി മലയാളസാഹിത്യത്തെ സാധാരണക്കാരന്റെ ജീവിതത്തോട് ചേർത്തുനിർത്തുകയായിരുന്നു സുൽത്താൻ.

കഥാപാത്രസൃഷ്ടിയിലെ വൈവിധ്യം എട്ടുകാലി മമ്മൂഞ്ഞ്,മണ്ടൻ മൂത്താപ്പ,പൊൻകുരിശ് തോമ,ആനവാരി രാമൻ നായർ,ഒറ്റക്കണ്ണൻ പോക്കർ,ഉണ്ടക്കണ്ണൻ അന്ത്രു എന്നിങ്ങനെ നിരവധി കഥാപാത്രങ്ങൾക്ക് ജന്മം നൽകിയ ബഷീർ കഥാപാത്രങ്ങൾക്ക് രസകരമായ പേരും നൽകി. ചില ബഷീർ കൃതികളാകട്ടെ മൃഗങ്ങളാണ് കേന്ദ്രകഥാപാത്രസ്ഥാനം വഹിക്കുന്നത് ഉദാഹരണത്തിന് പാത്തുമ്മയുടെ ആടിൽ ആടാണ് കേന്ദ്രകഥാപാത്രം.അതുപോലെതന്നെ ഒരു നായ കേന്ദ്രകഥാപാത്രമായി വരുന്ന കഥയാണ് ടൈഗർ.മറ്റൊരു വേറിട്ട ബഷീർ കഥാപാത്രമാണ് മതിലുകൾഎന്ന നോവലിലെ നാരായണി.ഈ നോവലിൽ നാരായണി എന്ന സ്ത്രീ കഥാപാത്രത്തിന്റെ ശബ്ദം മാത്രമാണുള്ളത്.ഒരു രംഗത്തും നാരായണി എന്ന കഥാപാത്രത്തെ കാണുന്നില്ല. ഇങ്ങനെ കഥാപാത്രസൃഷ്ടിയിലും ബഷീർവേറിട്ടു നിന്നു.

തനതായഭാഷാരീതി സാധാരണക്കാരിൽ സാധാരണക്കാരനായനാട്ടുമനുഷ്യന്റെ പച്ചഭാഷയിലുള്ള ഹാസ്യാത്മകമായ രചനകൾ വായനക്കാരനെ ഒരുപോലെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും കരയിപ്പിക്കുകയും ചെയ്തു.അതായിരുന്നു ആ തൂലികയുടെ ശക്തി.പ്രത്യേകിച്ച് അർത്ഥങ്ങൾ ഇല്ലാത്ത വാക്കുകൾ പോലും അദ്ദേഹത്തിലെകൈയ്യിലൂടെ കടന്നുവന്നപ്പോൾ വലിയ അർത്ഥങ്ങളുണ്ടായി.ചിലവാക്യങ്ങളെഅദ്ദേഹം കൂട്ടിവിളക്കിയപ്പോൾഅത്ഭുതങ്ങളുണ്ടായി.വായനക്കാരെ ചിരിപ്പിക്കുകയും,ചിന്തിപ്പിക്കുകയും ചെയ്ത നിഘണ്ടുവിൽ പോലും കാണാത്ത വാക്കുകൾ ബഷീർ അതി ധാരാളമായിഉപയോഗിക്കുന്നു.അവയിൽചിലതാണ്ബട്ടുക്കുസ്,ചപ്ലാസ്,ഗ്ലങ്കുറു,കൊസറാക്കൊള്ളി,പിളുപി ളുപ്പ്,ലൊട്ടുക്കാസ് എന്നിവ.ഇതിനെല്ലാം പുറമെ 6 വരികളിൽ ഒരർത്ഥവുമില്ലാത്ത വാക്കുകൾ മാത്രം

ഉപയോഗിച്ചുള്ള ഉത്തിനി ഹാലിട്ടലിത്താപ്പോ എന്നു തടങ്ങുന്ന ഗാനവും.ഈ ആഖ്യാന ശൈലിയും,ഭാഷാരീതിയിമാണ് ബഷീറിനെ ഇപ്പോഴും സാഹിത്യലോകം സുൽത്താനാക്കി വാഴ്ത്തുന്നത്.



**വിജയം ആസ്വാദ്യകരമാണെങ്കിൽ പ്രയാസങ്ങൾ ആവശ്യമാണ്**

**– <u>എ.പി.ജെ.അബ്ദുൾ കലാം</u>**

# <u>മഹാപ്രളയം</u>

## <u>ഒരു മുന്നറിയിപ്പോ?</u>

ദൈവം മനുഷ്യന് കനിഞ്ഞു നൽകിയ വരമാണ് പ്രകൃതി.പക്ഷെ ആ പ്രകൃതിയെ അവൻ ചൂഷണം ചെയ്തു.പ്രകൃിയെ സംരക്ഷിക്കുക,പ്രകൃതി അമ്മയാണ്.

അവളെ സംരക്ഷിക്കുക...ഇന്ന് നമ്മൾ എഴുതിയ പേജ് അല്ലെയത്, അതെഴുതി തികയ്ക്കാൻ വേണ്ടകടലാസുകൾ വരുന്നത് ഒരു മരത്തിന്റെ നീരിൽ നിന്നാണ്.അത് മനസ്സിലാക്കാതെ അവൻ വീണ്ടും ചൂഷണം ആരംഭിച്ചു.പക്ഷെ അവൻ അറിഞ്ഞില്ല.ഇതൊരു മഹാപ്രളയത്തിന് വഴിയൊരുക്കുമെന്ന്.

അവസാനം അവൾ ഒരു രക്തരാക്ഷസിയെന്നപോൽ,കലികയറി കലിയുഗം അവസാനിക്കയെന്നപോൽഒരു താണ്ഡവമാടി നമ്മുടെ കൊച്ചു കേരളത്തെ പിടിച്ചുലച്ചു നൂറ്റാണ്ടിലെ പ്രളയം.ആഗസ്റ്റ് മാസം നമുക്ക് മറക്കാൻ പറ്റാത്ത ഒരു മാസമായി മാറി.നമ്മുടെ കൂട്ടത്തിലുള്ള ഒരു ബന്ധുവിനോ,മിത്രത്തിനോ ഇത്ബാധിച്ചുകാണും.നമ്മുടെ നാട്ടിൽ നടന്നഈ സംഭവത്തെ ഒന്നു കണ്ണോടിച്ചു നോക്കാം.ആഗസ്റ്റ്10-ന് ഇടുക്കി അണക്കെട്ടിന്റെ എല്ലാ ഷട്ടറുകളും തുറന്നു.സെക്കന്റിൽ 8-ലക്ഷം ലിറ്റർ വെള്ളം ഒഴുകി.ആഗസ്റ്റ് 13-ന് ജില്ലകളിൽ ഉരുൾപൊട്ടി.ആഗസ്റ്റ് 14-ന്പെരിങ്ങൽക്കുത്ത് ഡാം ചരിത്രത്തിൽ ആദ്യമായിതുറന്നു.ചുരത്തിൽ മണ്ണിടിഞ്ഞ് വയനാട് ഒറ്റപ്പെട്ടു. ഗതാഗതം തടസ്സപ്പെട്ടു.ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനത്തിൽ കേരളം മുങ്ങിയിരുന്നു.എല്ലാ ജില്ലകളിലും റെഡ് അലെർട്ട്.മുല്ലപ്പെരിയാർ ഉൾപ്പടെ സംസ്ഥാനത്തെ 35 ഡാമുകൾ തുറന്നിരുന്നു.കേരളത്തിലെ എല്ലാനദികളും കര കവിഞ്ഞൊഴുകി.പമ്പയും പെരിയാറും അടക്കം പല നദികളും താണ്ഡവമാടി.ആലുവ മണപ്പുറംപ്രളയജലത്തിൽ മുങ്ങിയിരുന്നു.ആഗസ്റ്റ് 19 ഓടെ മഴയുടെ ശക്തികുറഞ്ഞു.പക്ഷെ ഒഴുകി വന്ന പ്രളയജലംകുട്ടനാടിനെ മുക്കി.പുറലോകവുമായിട്ടുള്ള എല്ലാ ബന്ധവും നഷ്ടപ്പെട്ടു.പമ്പ കരകവിഞ്ഞ് ഗതിമാറിയൊഴുകി വൈദ്യുതി നിലച്ചു.ഫോൺ ചാർജ് തീർന്നു.വീടുകളിൽഒറ്റപ്പെട്ടവർക്ക് പുറംലോകവുമായുള്ള ബന്ധം നിലച്ചു.നാവികസേനയുടെ ഹെലിക്കോപ്റ്ററുകളും മത്സ്യതൊഴിലാളികളുമാണ് ഇവിടെ ആശ്രയമായത്.പല സ്ഥലത്തും രക്ഷാപ്രവർത്തനം അസാധ്യമായിരുന്നു.പല സ്ഥലത്തും 3000 ത്തോളം മത്സ്യത്തൊഴിലാളികൾസഹായത്തിനെത്തി.പലരും ദുരിതാശ്വാസക്യാമ്പിൽ

ഓണമുണ്ടു.അവിടെ അവരെല്ലാം മറന്നു.അവർ സന്തോഷത്തോടെ ഓണം ഉണ്ടു.പരസ്പരം വഴക്കിട്ടുനടന്നവർഅവിടെ ഒന്നായി നിന്നു.ഒരു പ്രളയം നമ്മെ ഒന്നിപ്പിച്ചുഅതുകാരണം ദൈവത്തിന്റെ സ്വന്തം നാടായ കേരളംപെട്ടെന്ന് അതിജീവിച്ചു.നമ്മൾ അനുഭവിച്ച വേദന കാണാത്തവരില്ല.എല്ലാ മാധ്യമങ്ങളിലേയും ചർച്ചകേരളപ്രളയത്തെക്കുറിച്ചായിരുന്നു.എല്ലാവരുടെയുംകണ്ണുകൾ ഉറ്റുനോക്കിയത് കേരളത്തിലേക്കായിരുന്നു.ഫേസ്ബുക്കിലെ നമ്മുടെ ഒരു ഷയർ ഒരു ജീവൻ രക്ഷിക്കാനായിരുന്നിരിക്കാം.അതിജീവനത്തിന്കേരളത്തിനകത്തും പുറത്തും,ലോകത്തിന്റെ പല കോണിലുള്ളവരും സഹായിച്ചു.ഈ മഹാപ്രളയത്തിനു ശേഷം അതിജീവനത്തിലേക്കുകുതിക്കുമ്പോൾ ഒരുചോദ്യം

<u>"മനുഷ്യനിർമ്മിതമാണോ ഈ മഹാപ്രളയം</u>
<u>അതോ എല്ലാംമടുത്ത പ്രകൃതിയുടെ രുദ്രരൂപമോ ?"</u>



# <u>ഗുരു ശിഷ്യ ബന്ധം</u>

## *<u>അന്ന്.........ഇന്ന്</u>*

**ഈ** ലോകത്തിലുള്ള ബന്ധനങ്ങളിൽ വളരെ പരിപാവനമായതാണ് ഗുരു–ശിഷ്യ ബന്ധം.ശിഷ്യൻ തന്റെ സർവ്വവും ഗുരുവിന് സമർപ്പിക്കുന്നു.ഗുരു ആണവന്റെഎല്ലാം.ഈശ്വരൻ കോപിച്ചാൽ ഗുരു സംരക്ഷിക്കും എന്നാൽ ഗുരു കോപിച്ചാൽ ഈശ്വരനുപോലും രക്ഷിക്കാൻ സാധ്യമല്ല.ഇതിൽനിന്ന് ഗുരുവിന്റെ മഹത്വം മനസ്സിലാക്കാം.

അധ്യാപകർ,പ്രഭാഷകൻ എന്നിവരിൽനിന്നും ഗുരു വിത്യസ്ഥനാണ്.ഗുരു സ്വന്തം അനുഭങ്ങളാണ് പഠിപ്പിക്കുന്നത്. .ഗുരു നമ്മെ മോക്ഷത്തിലേക്ക്നയിക്കുന്നു.ഗുരുവിന്റെ ഏതു ശിക്ഷയും ശിഷ്യൻ,ബഹുമാനത്തോടെ ഏറ്റെടുക്കുന്നു.അവരുടെ പക്വതയില്ലാത്ത പ്രവർത്തികളെ ശക്തമായി ശാസിച്ചപ്പോൾഅവർ അനുസരണയുള്ളവരായി തീർന്നു.ഇന്ന് അദ്ധ്യാപക വിദ്യാർത്ഥി ബന്ധം വിദ്യാലയങ്ങളിൽ നിന്നും അന്യംനിൽക്കുന്നു.പണ്ട് ഗുരുകുലവിദ്യാഭ്യാസ സമ്പ്രദായം നിലനിന്നിരുന്ന സമയത്ത് ഗുരു തന്റെശിഷ്യനെ കഠിനമായി ശാസിച്ചിരുന്നു.എന്നാൽ ഇന്ന് അധ്യാപകനെ വടിയുമായി കാണുമ്പോൾ തന്നെ കുട്ടികളുടെ മനസ്സിൽ ഭയവും ഗുരുവിനോട് വിരോധവുംതോന്നും.ഗുരു നമ്മുടെ ദൈവമായിരിക്കണം.അദ്ധ്യാപകന്റെ ശാസനം ലഭിച്ചാൽ "എന്റെ മകനെ ശാസിച്ചു"അഥവാ "എന്റെ മകളെ ശാസിച്ചു"എന്നു പറഞ്ഞ് വിദ്യാലയങ്ങളിൽ ഓടിയെത്തി തന്റെ മക്കളെ സംരക്ഷണവലയം കൊണ്ട് മറയ്ക്കുന്ന രക്ഷിതാക്കളെയാണ് നമുക്കിന്ന് കാണാൻ കഴിയുക.ഗുരു ചൈതന്യമാണ്. ‘അദ്ധ്യാപകന്റെ മർദ്ദനം,വിദ്യാർത്ഥി ചികിത്സയിൽ 'ഇന്ന് മാധ്യമങ്ങളിൽ കാണുന്ന വാർത്തകളിൽപ്രധാനപ്പെട്ട ഒന്നാണിത്.പുസ്തകത്തിൽ മാത്രമുള്ളത്കുട്ടിയിലേക്ക് അടിച്ചേൽപ്പിക്കുന്ന ഗുരുക്കന്മാരെയാണ്ഇന്ന് നമുക്ക് കാണാൻ കഴിയുക.കുട്ടിയുടെ മനസ്സിൽ ഉള്ള കലയെ കഴിവിനെ ഉണർത്തുകയാണ് ഓരോ
അദ്ധ്യാപകനും ചെയ്യേണ്ടത്.ഈശ്വരൻ മഹാനാണ്.എന്നാൽ ഈശ്വരനെ കാണിതച്ചു തരുന്ന ഗുരു അതി ലും മഹത്വമുള്ളവനാണ്.ചെയ്തപാപങ്ങൾ ഗുരുവിങ്കൽസമർപ്പിച്ചാൽ മോക്ഷപ്രാപതി തീർച്ചയായും ഉണ്ടാ കും.എന്ന് ഓരോ വിദ്യാർത്ഥിയും മനസ്സിലാക്കുക തന്നെ വേണം.



# *SOCIETY AND IMPACT OF CINEMA*

The century old creativity 'cinema' is the most famous medium of entertainment. What is cinema? Cinema is a moving image collection which works and is capable of making sensations in the mind of the viewer Here,now it is relevant to point out the impact ofcinema in the society. As a coin has two sides,the cinema also have both negative and positive impacts on the society.

***POSITIVE IMPACTS OF CINEMA***

Let us take a  instance most of us are familiar with the Bollywood film 'TARE ZAMEEN PAR'. It is talks about a child with a different ability. The movie gave us a message that 'Everyone has some talents,no one is left without having any skills'. Movies are capable to act as the massage carriers. They bloom as inspirations to the society and motivate us to do and think differently.Cinemas make humans more thoughtful. Films highlight some issues of the public and it injects some thought provoking questions in the viewer. Viewer will think of it and try to find a solution. Cinemas are also the vehicles of awareness. Just before the startingof a movie we can see advertisement for creating awareness the ill effects of tobacco,usage of drugs and alcohol. These are only some of the positive impacts of movies.

***NEGATIVE IMPACTS***

*INSPIRE  BURGLARY*

We can see that many high tech burglarieswere planned and executed based on ideasfrom crime thriller movies. Movies provide new techniques and ideas for the thieves to emulate.

## *Impact on youth*

Youth are the most valuable asset of society.Cinema has negative on them also. Most young people try to imitate and follow what the hero or heroine does on the screen. Manyaccidents and  worst things have happened because of these imitations.Cinemas are able to watch touch the innerconscience of a man. It is able to change a socially followed notion or norm. It changes the concepts and mindset about a particularthing. For an example,the molly wood  movie "Oru Vadakkan Veeragatha'  In the past the heroine,'Unniarcha' was an epitome of women pride and power but after the releaseof the movie the entire story changed. Chandu the old hoaxer turned to be a hero and heroinechanges to a shark. Generally we can conclude a cinema as a vehicle of both negatives and positives. Wethe viewers are responsible to select the good values and morals from it. A cinema is a result of hard work and passion of a group of people. The passion of viewers should take thepositives from it.We should also discuss another relevant question 'Why films gain fame on society'?it's only because of heart touching and catching contents in it. It is the duty of the makers to create a positive impact on cinema.It is point out that the new generations movies lack contents of positively and public interest. Cinema will not be for the entertainment porpose only,but also to bring about a transformation in the society which is essential today. Cinemas should be a canvas that portray values and public solutions



# ചിത്രകല

ചിത്രകല ഒരു ദ്ദൃശ്യകലയാണ്.തന്റെ ഭാവനയെവെളുത്ത പ്രതലത്തിൽ പകർത്തുകയാണ്ചിത്രകലകൊണ്ട് ഉദ്ദേശിക്കുന്നത്.  പുരാതനകാലം മുതൽ തന്നെ മനുഷ്യർ ആശയവിനിമയത്തിനായി ചിത്രങ്ങൾ ഉപയോഗിച്ചിരുന്നു.ആധുനിക ലോകത്തിൽ മനുഷ്യർ ചിത്രകലയിൽ പുതിയ പുതിയ കണ്ടുപിടുത്തങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.ചിത്രങ്ങൾ വരയ്ക്കുവാൻ നമുക്കേവർക്കും സാധിക്കും.പക്ഷെ അത് ക്യാൻവാസിൽ കൊണ്ടുവരണമെങ്കിൽ അതിനു പിന്നിൽ ഒരു ചിത്രകാരന്റെ കഴിവും കഷ്ടപ്പാടുമുണ്ട്. ചിത്രങ്ങൾ നമുക്ക് പെൻസിൽമാത്രം ഉപയോഗിച്ചും പലതരം ഛായങ്ങൾ ഉപയോഗിച്ചും പല വിധത്തിൽ വരയ്ക്കാം. നമ്മുടെ വിപണിയിലിപ്പോൾ  പലതരത്തിലുള്ള ഛായങ്ങൾ ലഭ്യമാണ്.കളർ പെൻസിൽ,വാട്ടർ കളർ,ഓയിൽ പേസ്റ്റ് എന്നിവ അവയിൽ ചിലതു മാത്രം.

ഈ മാധ്യമങ്ങളെല്ലാം ഉപയോഗിക്കുവാൻ നമ്മൾ പഠിക്കേണ്ടതുണ്ട്. എങ്കിലെ ഒരു ചിത്രത്തിനെഅതിന്റെ പൂർണ്ണരൂപത്തിൽ എത്തിക്കാനാകു.പെൻസിലും ഛായങ്ങളും ഉപയോഗിച്ച് തന്റെ ഭാവനയെ ക്യാൻവാസിൽ പകർത്താൻ ഒരു ചിത്രകാരന് മാത്രമേ കഴിയൂ. ചില ചിത്രങ്ങൾ കണ്ടാൽഅതിന് ജീവനുണ്ടോ എന്നുപോലും തോന്നിപോകും. പ്രകൃതിയെയും മറ്റു ജീവജാലങ്ങളെയുംഒരുപോലെ ക്യാൻവസിൽ പകർത്താൻ കഴിയും.വർഷങ്ങൾ കഴിയുംതോറും ചിത്രകലയിൽ നൂതനമായ കണ്ടുപിടുത്തങ്ങൾ നടക്കുന്നു.അങ്ങനെ ചിത്രകല ഏവർക്കും ഇഷ്ടപ്പെടുന്ന ഒരു കലയായിമാറിക്കൊണ്ടിരിക്കുന്നു.



# ***ദേശീയതയും***

# ***കുട്ടികളുടെ കാഴ്ചപ്പാടും***

“

*"ഭാരതമെന്ന പേരുകേട്ടാൽ അഭിമാനപൂരിതമാ കണമന്തരംഗം*

*കേരളമെന്നു കേട്ടാലോ,തുടിക്കണം ചോര ഞരമ്പുകളിൽ"*

*മഹാകവിയുടെ ഈ വരികളിൽ തന്നെ ദേശസ്നേഹം തുളുമ്പിനിൽക്കുന്നതായി നമുക്ക് കാണാം.ദേശീയത ഓരോ ഭാരതീയനിലും തുളുമ്പിനിൽക്കുന്ന ഒരു  വികാരമാണ്.ലോകത്തിന്റെ ഏതിടത്തായാലും ഭാരതീയൻ എന്നു കേൾക്കുമ്പോൾ തന്നെനമുക്കേതൊരാൾക്കും ഉണ്ടാകുന്ന വികാരം ഒന്ന്തന്നെയാണ് ദേശീയത.അത് ആർക്കും ഉണ്ടാക്കികൊടുക്കേണ്ടതല്ല സ്വയമേവ തോന്നേണ്ട ഒന്നുതന്നെയാണത്.സ്വയം ദേശത്തെ സ്നേഹിച്ച്,നമുക്ക് അതെങ്ങനെയെന്ന് കാണിച്ച്.നമ്മെ ഓരോരുത്തരേയും സ്വത്രരാക്കിയ ആ മഹതവ്യക്തികൾ,അവരോരുത്തരും നമ്മെ ഉത്ബോധിപ്പിച്ചത് ഒരുമയോടെ നിന്ന് ദേശത്തെ സ്നേഹിക്കാനാണ്.പക്ഷെ പുതിയ തലമുറ ഇതിൽ നിന്നൊക്കെ വിട്ടുനിൽക്കുന്നതായിക്കാണാം.നമ്മുടെ രാജ്യത്ത് ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന ഓരോ വർഗീയലഹളയും ദേശീയതക്കെതിരാണ്.ഇന്നത്തെ തലമുറ ജനിക്കുമ്പോൾതന്നെ അവർ സ്വതന്ത്രരാണ്.നാം ആരും തന്നെ അടിമത്വത്തിന്റെ ചവർപ്പ് രുചിച്ചിട്ടില്ല.എന്നാ
ൽ അത് അറിഞ്ഞവർ,അവരൊരിക്കലും ഒരുതരത്തിലുള്ള വർഗീയവാദത്തോടും യോജിക്കില്ല.*

*അതനുഭവിക്കാത്തവർ അജ്ഞതമൂലം മനുഷ്യൻതമ്മിൽ തന്നെ വേർതിരിവ് കാണുന്നു. ജാതിയുടെയും മതത്തിന്റെയും എന്തിന് സ്വന്തം ബന്ധുവെന്ന്പറയുന്നവനെപ്പോലും ഒന്നുംചെയ്യാൻ മടിക്കാത്തതലമുറയായി മാറിക്കൊണ്ടിരിക്കുന്നു.സ്ത്രീയെ ബഹുമാനിക്കാൻ പഠിപ്പിച്ച മുൻ തലമുറയ്ക്കെതിരെയായി ഇന്ന് ഓരോ സ്ത്രീയേയും പിച്ചിചീന്തുകയാണ്.ദേശീയത കേവലം രണ്ടു ദിനങ്ങളിൽ ആചരിച്ച് അന്നേ ദിവസങ്ങളിൽ പാലിക്കേണ്ട ഒന്നല്ല.എല്ലാ ദിവസങ്ങളിലും പറയുന്ന പ്രതിജ്ഞയ്ക്കും
പാടുന്ന ദേശീയഗാനത്തിലും അപ്പുറത്താണത് കുട്ടികളായ നമുക്ക് ചെയ്യുവാനായി ഒരുപാടുണ്ട്.അജ്ഞരായ വ്യക്തികളെ നേരായ മാർഗ്ഗം പറഞ്ഞ് കൊടുത്ത് നയിക്കുവാൻ നമ്മൾ ഉണരേണ്ടിയിരിക്കുന്നു.മനുഷ്യർക്കിടയിൽ അവർ തന്നെ പണി തീർത്ത മതിലുകൾ നമ്മൾ ഉടയ്ക്കേണ്ടിയിരിക്കുന്നു.നമ്മുടെ രാജ്യത്തെ നശിപ്പിക്കുവാൻവരുന്ന ഓരോ ആളുകൾക്കുമെതിരെ ശബ്ദമിനിയും
ഉയരേണ്ടിയിരിക്കുന്നു.മനുഷ്യൻ അവന്റെ സ്വാർത്ഥത മറന്ന് ദേശസ്നേഹി ആകേണ്ടിയിരിക്കുന്നു. ജാതിയുടേയോ മതത്തിന്റെയോ പേരിലല്ല ഭാരതീയൻ എന്ന പേരിലാണ് നമ്മൾ അറിയപ്പെടേണ്ടത് കുട്ടികളായ നമുക്ക് നമ്മുടെ ദേശീയനതാക്കളെഅവർ ചെയ്യുന്ന ചീത്തമാർഗ്ഗങ്ങളിൽ നിന്ന് പിന്തിരിപ്പിക്കാൻ കഴിഞ്ഞെന്ന് വരില്ല.എന്നാൽ അവരുടെ പുറകെ അണികൾ എന്നു പറഞ്ഞ് പോയിവെറും പാർട്ടിയ്ക്കുവേണ്ടി സ്വന്തം ജീവൻ നഷ്ടപ്പെടുത്തുന്ന മനുഷ്യരെ പിന്തിരിപ്പിക്കാം. ഓരോ പുലരി പുലരുമ്പോഴും ദേശസ്നേഹം തുടിക്കുന്ന വാക്കുകൾ
ക്കായി കാതോർക്കാൻ നമുക്കാകട്ടെ. മനുഷ്യനെമനുഷ്യനായി സ്നേഹിക്കാനും സ്നേഹിക്കാൻ പഠിപ്പിക്കുവാനും നമുക്കാകട്ടെ.ഭാരതമെങ്ങും ദേശീയത
നിറഞ്ഞുനിൽക്കട്ടെ.അപ്പോൾ നമുക്ക് ഒരുമിച്ച് പാടാം.........
"വന്ദിപ്പിൻ മാതാവിനെ,വന്ദിപ്പിൻ ഭാരതാംബയെ"
നമുക്കേവർക്കും ജന്മം തന്ന ഭാരതാംബയ്ക്കുവേണ്ടി
നമുക്കൊന്നിച്ചുനിൽക്കാം...*



# ഗവ.ഹയർസെക്കണ്ടറി കടയിരുപ്പ് വിദ്യാലയം പ്രതിഭകളിലേക്ക്

"കടയിരുപ്പ് ഗവ.ഹയർസെക്കണ്ടറി സ്കൂൾ പ്രതിഭകളിലേക്ക്' എന്ന പദ്ധതിക്കുവേണ്ടി സ്കൂളിലെ
UP, HS, HSS വിഭാഗങ്ങളിൽ നിന്നും 20 കുട്ടികളെ വീതം ഓരോ പ്രതിഭയെയും സന്ദർശിക്കുന്ന സംഘത്തിൽ ഉൾപ്പെടുത്തി.വ്യത്യസ്ത വ്യക്തികളെ സന്ദർശിക്കുന്നതിന് വ്യത്യസ്ത ഗ്രൂപ്പ് കുട്ടികളെ ഉൾപ്പെടുത്തിയതോടെ നിരവധി കുട്ടികൾക്ക് ഈ പരിപാടിയിൽ പങ്കെടുക്കുന്നതിന് അവസരം ലഭിച്ചു.
സന്ദർശനം നടത്തിയ പ്രതിഭകൾ:

1. സി.വി.ജേക്കബ് = പ്രമുഖ വ്യവസായി
2. പി.സി.പൗലോസ് = സാഹിത്യ അവാർഡ് ജേതാവ്
3. ഉണ്ണി.എം.മണി = ചുവർ ചിത്രകലാകാരൻ
4. മീന.തോമസ് = വനിതാ വ്യവസായ സംരംഭക
5. ടി.എം.വർഗീസ് = പരിസ്ഥിതി പ്രവർത്തകൻ

ഓരോ പ്രതിഭയെ സന്ദർഷിക്കുന്നതിനും ഒരു ദിവസം നീക്കിവെച്ചു.പ്രതിഭയോടൊപ്പം മണിക്കൂറോളം ചെലവഴിച്ച്അവരുടെ ജീവിതത്തെപ്പറ്റിയുള്ള ചോദ്യങ്ങൾ ചോദിച്ച് കുട്ടികൾ വ്യക്തിഗത റിപ്പോർട്ട് തയ്യാറാക്കുകയും ക്ലാസിൽതങ്ങളുടെ സന്ദർശന അനുഭവങ്ങൾ പങ്കുവെക്കുകയും ചെയ്തു.പ്രതിഭകൾക്ക് തങ്ങളെ സന്ദർശിക്കാനെത്തിയ കുട്ടികളോട്നിരവധി അനുഭവങ്ങളും പങ്കുവെച്ചു. പ്രതിഭാസന്ദർശനം സമൂഹത്തെ കൂടുതൽ അറിയുന്നതിനും അവരുടെമനസിന്റെ മൂല്യബോധം വളരാനും കുട്ടികളെ ഏറെ സഹായിച്ചു.പഴയ കുടുംബരീതി,ഭക്ഷണരീതി, സാമൂഹ്യപാശ്ചാത്തലം തുടങ്ങിയവ കുട്ടികൾക്ക് ഏറെ വ്യക്തമായി.

ഈ പദ്ധതിയിലൂടെ സ്കൂൾ സമൂഹമായി കൂടുതൽ ഇടപഴകുന്നതിന് അവസരമുണ്ടായി.
കുട്ടികൾ പ്രതിഭകളെ സന്ദർഷിക്കുന്നതിന് നാട്ടിൻപുറങ്ങളിലൂടെ കൂട്ടമായി നടന്നതും, പ്രതിഭകളുടെ പഴയകാല അനുഭവങ്ങൾ കേട്ടതും അവരുടെ മനസ്സിൽ എന്നും തങ്ങിനിൽക്കുന്ന ഓർമ്മയായി മാറി.





# *GUIDE UNIT*

**T**hough the scout wing and guide wing are working together under the banner of " THE BHARATH SCOUT AND GUIDE". Guide wing is affiliated WAGGGS [WORLD ASSOCIATION OF GIRL GUIDE AND GIRL SCOUT]

194th Aluva guide company G.H.S.S KADAYIRUPPU is a voluntary,non political education movement for our young girls. Open to all without distinction of orgion,race or creed. Principles and methods conceived by the founder Lord Baden powell in 1907.

194th Aluva guide company is a voluntary organisation under district head quarters Aluva. The purpose of movement is to contribute to the devolepment of young girls in achieving there full physical, intellectual emotions, social and spiritual,potential as individuals,as responsible citizen and as members of local,National and international.

194th Aluva guide company members assist all the programmes conducted by G.H.S.S Kadayiruppu.We have visited,'Knowing the Railway programme' in the month of August. 19 members ,one teacher, one parent were excoted with our guide captain to south railway station and thereafter go to Marine Drive.16 new guides are joined in our guide company and they are getting to ready Dwithiya sopan.4 guides are passed RajaPuraskar test from our guide group.

Speak 5 lines to yourself
every morning

- I am the best
- I can do it
- God is always with you
- I am a winner
- Today is my day

A P J Abdul Kalam



# NATIONAL MATHS DAY

**National Mathematics Day** is celebrated on 22 December every year to mark the birth anniversary of legendary Indian **mathematician**, Srinivasa Ramanujan and his contributions in the field of **mathematics**.



9 Tips for Maths Problem Solving

1 Practice practise and more practice.
2. Review errors.
3. Master the key Concepts.
4.Do not  try to memorise the processes.
5.Understand your doubts.
6.Maths requires time and practise to master.
7. Create a Mathematical Dictionary.
8. Create a distraction free study Environment.
9.Apply Maths to Real World Problems

Mathematics is a great motivator for all humans. Because its career stars with Zero and it never ends.

"Mathematics is the most Beautiful and Powerful creation of the human spirit"

-Stefen Banach

# National Science Day

National Science Day is celebrated in India on 28th February each year to commemorate the discovery of the "Raman Effect" by Indian Physicist Sir C V Raman on 28 February 1928 National Science Day is being celebrated every year to spread a message about the importance of science used in daily life of people. It discuss all the issues and implement new technologies in the field of science to enhance the human welfare .It aims to popularize the achievements of science and technology and make it reachable to common man.



"Science for the People and the People for Science"(Theme of 2019)

"Women in Science"(Theme of2020)

# Importance of Agriculture

Agriculture is very important sector and plays a key role in the economic development of the country. Through responsible financing and investment in modern technologies in the farms and agroprocessing business,the quality and quantity will increase thus making this business more competitive.


To inculcate the importance of agriculture eco club of G H S S STARTED vegetable garden in the school premises .It creates awareness among school children about need for promotion of bio-diversity,conservation and food security. It provides an atmosphere that includes hands on activity and strengthen academic,personal,social skills.
academic,personal,social skills.





“Like Magic and Art,love of nature is a common language that can be trans end political or social boundaries”





It is the prime responsibility of every citizen to feel and to defend its freedom is his duty. Every Indian should now forget that he is a Raj put,aSikh or a Jat. He must remember that he is an Indian and he has

every right in this country but with certain duties

Sardar Vallabhai Patel

# *PROVERBS*

- Preventation is better than cure.
- As you sow you erap.
- Rome was not built in a day.
- A friend in need is a friend indeed.
- Make hay while sunshine.
- A bird in hand is worth two in the bush.
- Best thing in life are free.
- Honesty is the best policy.
- A burnt child dreads the fire.
- Too many cooks spoil the broth.
- True love never grows old.
- A little knowledge is a dangerous thing.
- Rolling stone gather no mass.
- All is well that ends well.
- Key to successful leadership today is influence not authority.
- Example is better than precept.
- No pain no gain.
- Don’t judge a book by its cover.
- Removal of desires end sorrow.
- It never rains but it pours.
- You can count your true friends on one hand.
- A false friend is worse than a true enemy.
- Variety is the spice of life.
- I and we do what is necessary all the odds are in our favours.

- 𝒟eep calls to deep.
- 𝒴ou always admire what you really don’t understand.
- 𝒜 picture is a poem without words.
- 𝒜 friend is an angel,a gift from 𝒢od.
- 𝒴ou know the trees by its fruits.
- 𝒫enny saved is a penny earned.



